# സ്റ്റൈപന്റോടുകൂടിയ ചകിരിച്ചോർ കമ്പോസ്റ്റ് പരിശീലനം -അപേക്ഷ ക്ഷണിക്കുന്നു!

## പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വനിതകൾക്ക് സുവർണ്ണാവസരം!

സംസ്ഥാന പട്ടിക ജാതി വകുപ്പ് , കയർവകുപ്പി ന്റെ അനുബന്ധ സ്ഥാപനമായ നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെ ന്റ് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് , സ്റ്റൈപന്റോടുകൂടിയ തൊഴിൽ നൈപുണ്യ പരിശീലനത്തിന് പട്ടികജാതി വിഭാഗം വനിതകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. പരിശീലന സമയത്ത് സ്റ്റൈപന്റും തുടർന്ന് ഇന്റേൺഷിപ്പോടു കൂടിയുള്ള പരിശീലനവും ലഭിക്കുന്നതാണ്.

**പരിശീലനവിഷയം**

- ✓ ചകിരിച്ചോർ കമ്പോസ്റ്റ് നിർമ്മാണത്തിനുള്ള ദ്വിദിന പരിശീലനം

**പരിശീലനകേന്ദ്രം**

- ✓ തിരുവനന്തപുരം: കുടപ്പനക്കുന്നിലുള്ള NCRMI കാമ്പസ്

**യോഗ്യത**

- ✓ എട്ടാം ക്ലാസ് വിജയിച്ചിരിക്കണം
- ✓ പ്രായപരിധി 50 വയസ്സ്

**സ്റ്റൈപന്റ്:**

- ✓ പ്രതിദിനം 300 രൂപ അടിസ്ഥാനത്തിൽ രണ്ട് ദിവസത്തേക്ക് 600 രൂപ സ്റ്റൈപന്റ് ലഭിക്കും.
- ✓ ഇതുകൂടാതെ 10 പ്രവർത്തി ദിവസത്തെ ഇന്റേൺഷിപ്പ് സ്റ്റൈപന്റായി പ്രതിദിനം 500 രൂപ ലഭിക്കും

**പരിശീലന കാലയളവും മറ്റ് വിവരങ്ങളും**

- ✓ പരിശീലന കാലയളവ് രണ്ട് ദിവസമാണ്.

- ✓ 20 പേർ അടങ്ങുന്ന 8 ബാച്ചുകളായിട്ടാണ് പരിശീലിപ്പിക്കുന്നത്.
- ✓ 160 പേർക്കാണ് ചകിരിച്ചോർ കമ്പോസ്റ്റ് നിർമ്മാണത്തിൽ പരിശീലനം ലഭിക്കുന്നത്
- ✓ പരിശീലനത്തിന് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലന കാലയളവിൽ സൗജന്യ താമസ സൗകര്യവും, ഭക്ഷണവും, യാത്രാബത്തയും ലഭ്യമാണ്

താൽപര്യമുള്ള അപേക്ഷകർ ചുവടെ നൽകിയിരിക്കുന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യാവുന്നതാണ്.

നമ്പർ : 0471 – 27 30 78 8